Kerala Hotel & Restaurant Association
STATE COMMITTEE
II Floor, K.H.R.A. Bhavan, M.G. Road, Kochi - 682 035, Phone : 0484 2366602

സംസ്ഥാനതലവാർത്ത

22.09.2021

## പ്രസ്സ് റിലീസ്

**ഹോട്ടലുകളിൽ ഡൈനിംഗ് അനുവദിക്കണമെന്നാവശ്യപ്പെട്ട് സെക്രട്ടറിയേറ്റിനുമുന്നിൽ പ്രതിഷേധ ധർണ്ണ നടത്തി – കെ.എച്ച്.ആർ.എ.**

**തിരുവനന്തപുരം** : എല്ലാ മേഖലകളും തുറന്നുകൊടുത്തിട്ടും ഹോട്ടലുകളിൽമാത്രം ഡൈനിംഗ് അനുവദിക്കാത്തിൽ പ്രതിഷേധിച്ച് കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ സെക്രട്ടറിയേറ്റിനു മുന്നിൽ പ്രതിഷേധ ധർണ്ണ നടത്തി. ധർണ്ണ പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് മൊയ്തീൻകുട്ടി ഹാജി അദ്ധ്യക്ഷതവഹിച്ചു. സംസ്ഥാനത്തെ ഭക്ഷണവിതരണ മേഖല അപ്പാടെ കുത്തക ഓൺലൈൻ കമ്പനികളുടെ കൈപ്പിടിയിലൊതുക്കുവാൻ സഹായകരമായ നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. നാലുമാസത്തിലേറെയായി അടച്ചിട്ടിരിക്കുന്ന ഹോട്ടലുടമകൾക്ക് കെട്ടിട നികുതി, ജി.എസ്.ടി., വൈദ്യുതി ചാർജ്, ബാങ്ക് വായ്പ കുടിശിഖകൾ അടക്കുവാൻ നിർദ്ദേശിച്ച് നോട്ടീസ് ലഭിച്ചുതുടങ്ങി. സർക്കാർ നിർദ്ദേശാനുസരണം അടച്ചുപൂട്ടിയ ഹോട്ടൽ മേഖലക്ക് നാളിതുവരെ ഒരു ഇളവും സർക്കാരിൽനിന്നും ലഭിച്ചിട്ടില്ല. ഹോട്ടലുകളിൽ പാർസൽ മാത്രം നൽകി തൊഴിലാളികളുടെ കൂലിപോലും നൽകുവാൻ സാധിക്കുന്നില്ല. കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന ഭക്ഷണവിതരണ മേഖലയിൽ ഇതുവരെയായി പതിനഞ്ചോളം പേർ ആത്മഹത്യചെയ്തു. ഭൂരിപക്ഷം ഹോട്ടലുകളും എന്നന്നേക്കുമായുള്ള അടച്ചുപൂട്ടലിന്റെ വക്കിലുമാണ്. ഇപ്പോൾ സംസ്ഥാനത്ത് കൊവിഡ് നിയന്ത്രണവിധേയമാണെന്ന് വിദഗ്ധസമിതിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലും, സംസ്ഥാനത്ത് വാക്സിനേഷൻ 90 ശതമാനത്തോളം പൂർത്തിയായതിനാലും, ഹോട്ടലുകളിലും, റസ്റ്റോറന്റുകളിലും കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഡൈനിംഗ് അനുവദിക്കണമെന്ന് ഭാരവാഹികൾ ആവശ്യപ്പെട്ടു. പ്രതിഷേധ ധർണ്ണയിൽ രക്ഷാധികാരി ജി. സുധീഷ്കുമാർ, സംസ്ഥാന ജനറൽ സെക്രട്ടറി ജി. ജയപാൽ, വർക്കിംഗ് പ്രസിഡന്റ് പ്രസാദ് ആനന്ദഭവൻ, ട്രഷറർ കെ. പി. ബാലകൃഷ്ണപൊതുവാൾ, വൈസ് പ്രസിഡന്റ് ബി. ജയധരൻ നായർ, എൻ. അബ്ദുൾ റസാഖ്, എം. എൻ. ബാബു, മുഹമ്മദ് ഷെറീഫ്, സംസ്ഥാന സെക്രട്ടറിമാരായ ബി. വിജയകുമാർ, ബാഹുലേയൻ, കെ. എം. രാജ, വി. ടി. ഹരിഹരൻ, സി. ബിജുലാൽ, പി. പി. അബ്ദുൾ റഹ്മാൻ, എൻ. സുഗുണൻ, കെ.എച്ച്. അബ്ദുള്ള, സമര കൺവീനർ എ. എം. നിസാം, എന്നിവർ സംസാരിച്ചു.

**മൊയ്തീൻകുട്ടി ഹാജി**
പ്രസിഡന്റ്
9605888700

**ജി. ജയപാൽ**
ജനറൽ സെക്രട്ടറി
9544844446